സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം

22 [960] ശ്രീ. എ. എ. അസീസ് :
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എത്ര സ്പിന്നിംഗ് മില്ലുകൾ സംസ്ഥാനത്തുണ്ടായിരുന്നു ;

(ബി) പുതുതായി ഏതെല്ലാം സ്പിന്നിംഗ് മില്ലുകൾ ആരംഭിച്ചിട്ടുണ്ട് ;

(സി) സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ ഇതിനകം നടപ്പിലാക്കിയിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗവൺമെന്റുടമയിൽ രണ്ടും സഹകരണ മേഖലയിൽ പത്തും കേരളാ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിൽ നാലും സ്പിന്നിംഗ് മില്ലുകൾ ഉണ്ടായിരുന്നു.

(ബി) ഒന്നും ആരംഭിച്ചിട്ടില്ല.

(സി) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകൾക്ക് പ്രവർത്തന മൂലധനമായി 23.28 കോടി രൂപ നൽകിയിട്ടുണ്ട്. കേരളാ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ യൂണിറ്റുകളായ കോട്ടയം ടെക്സ്റ്റയിൽസ്, പ്രഭുറാം മിൽസ് എടരിക്കോട് എന്നിവയുടെ പാർശ്വ നവീകരണത്തിനായി ഈ സർക്കാർ ലഭ്യമാക്കിയ 7 കോടി രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. അഞ്ച് സ്പിന്നിംഗ് മില്ലുകൾക്ക് എൻ.സി.ഡി.സി.-യുടെ സഹായത്തോടെയുള്ള പുനരുദ്ധാരണ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്.

ബാലരാമപുരത്ത് സിൽക്ക് പാർക്ക് ആരംഭിക്കുവാൻ നടപടി

23 [961] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരത്ത് സിൽക്ക് വ്യവസായം അഭിവൃദ്ധി പ്രാപിച്ചുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബാലരാമപുരം കേന്ദ്രീകരിച്ച് സിൽക്ക് പാർക്ക് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(സി) കൈത്തറിയുടെ അഭിവൃദ്ധിക്കായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സ്കീമിൽ ബാലരാമപുരത്തെ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly